# ഹദീസ് വേണ്ടന്നോ ?


രചയിതാവ്

**ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹി ബിൻ ബാസ്**

വിവർത്തനം

**മുഹമ്മദലി ബിൻ ഇബ്റാഹീം സുല്ലമി**



***The Cooperative Offices for Call & Guidance at Al-Badiah & Industrial Area***

*Under the Supervision of the Ministry of Islamic Affairs Endowment Guidance & Propagation*

**P.O. Box: 24932 Riyadh 11456 - K.S.A. (Al-Badiah) Tel.: 4330888 (Four Lines)**

**(Industrial Area) Tel.: 4303572 - Fax: 4301122**

# ഹദീസ് വേണ്ടന്നോ ?

രചയിതാവ്

**ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹി ബിൻ ബാസ്**

വിവർത്തനം

**മുഹമ്മദലി ബിൻ ഇബ്റാഹീം സുല്ലമി**

പ്രസിദ്ധീകരണം
**കോ ഓപറേററീവ് ഓഫീസ് ഫോർ കാൾ ആൻറ് ഗൈഡൻസ്; ബദീഅ : റിയാദ്**

ح المكتب التعاوني للدعوة والإشاد وتوعية الجاليات بالبديعة، ١٤١٩هـ

فهرسة مكتبة الملك فهد الوطنية أثناء النشر
ابن باز، عبدالعزيز بن عبدالله
وجوب العمل بسنة الرسول ﷺ وكفر من أنكرها
– الرياض
٣٦ ص ؛ ١٢X١٧سم
ردمك ٨-٢٩-٧٩٩-٩٩٦٠
(النص باللغة المليبارية)
١ – السنة
أ – إبراهيم، محمد علي (مترجم) ب – العنوان
ديوي ٢٥١,١٢ ١٧/١٠٤٤

رقم الإيداع: ١٧/١٠٤٤

ردمك: ٨-٢٩-٧٩٩-٩٩٦٠

# ഒരു നിമിഷം

മനുഷ്യവർഗ്ഗത്തിന് അനുഗ്രഹമായി അല്ലാഹു നല്കിയ സന്ദേശമാണ് ഇസ്‌ലാം. ഖുർആനും അന്ത്യപ്രവാചകനായ മുഹമ്മദ് (സ) യുടെ ചര്യയും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളാണ്. മുസ്‌ലിം സമൂഹം അവയെ അംഗീകരിച്ചു ജീവിക്കുന്ന കാലത്തോളം സമുദായത്തെ സൽപാന്ഥാവിൽ നിന്ന് വ്യതിചലിപ്പിക്കാനാവില്ലെന്ന് പൈശാചിക ശക്തികൾ മനസ്സിലാക്കി. അതിനാൽ അവർ അവക്കെതിരെ തങ്ങൾക്കാവുന്നത്ര ദുരാരോപണങ്ങളും കുപ്രചരണങ്ങളും അഴിച്ചുവിട്ടു. പക്ഷെ അതുകൊണ്ടൊന്നും മുസ്‌ലിം സമൂഹത്തെ ഇസ്‌ലാമിൽ നിന്ന് വ്യതിചലിപ്പിക്കാനായില്ല.

പ്രവാചകചര്യയെ ഖുർആനിൽ നിന്ന് അടർത്തിയെടുക്കുക എന്നതാണ് അവർ ഏററവും ഒടുവിൽ കണ്ടുപിടിച്ച തന്ത്രം. ഖുർആൻ പ്രാമാണികമാണ്. സന്ദേഹരഹിതമാണ്. എന്നാൽ നബിചര്യ അപ്രകാരമല്ല. അത് പ്രാമാണികമല്ല. അതാണ് അവരുടെ നവീന പ്രചരണം. അല്പബുദ്ധികളും മതജ്ഞാനമില്ലാത്തവരും സ്വമേധയാ "ബുദ്ധിജീവിപട്ടം" അണിയുന്നവരുമായ ചില മുസ്‌ലിം നാമധാരികളെ അവർക്കു കൂട്ടിനു കിട്ടി.

മുസ്‌ലിം സാധാരണക്കാരന്റെ മുമ്പിൽ ഹദീസിനെയും പ്രവാചകചര്യയെയും വികൃതമാക്കി അവതരിപ്പിക്കാൻ അവർ ഭഗീരഥശ്രമം നടത്തി വരികയാണ്. ആദ്യം ഹദീസിൽ നിന്നും പിന്നീട് ഖുർആനിൽ നിന്നും മുസ്‌ലിംകളെ

വ്യതിചലിപ്പിക്കാമെന്നവർ വ്യാമോഹിക്കുന്നു.

അവരുടെ കുപ്രചരണങ്ങളെ അനാവരണം ചെയ്യുകയും ഹദീസിൻെറ പ്രാമാണികത തെളിയിക്കുകയും ചെയ്യുന്ന ധാരാളം ഗ്രന്ഥങ്ങൾ പണ്ഡിതർ വിരചിച്ചിട്ടുണ്ട്. അവയിൽ ചെറുതെങ്കിലും പഠനാർഹമായ ഒന്നാണ് മലയാള വായനക്കാരനു മുമ്പിൽ സമർപ്പിക്കുന്ന ഈ കൃതി.

വിശ്വവ്യഖ്യാത പണ്ഡിതനും സൗദി മതകാര്യവകുപ്പിൻെറ അദ്ധ്യക്ഷനുമായ ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് രചിച്ച ഇത് സത്യാന്വേഷകർക്ക് പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിൻെറ വിവർത്തനത്തിലും മററും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നല്കിയ എൻ. വി സകരിയ്യ (അരീക്കോട്) ക്കും പ്രസിദ്ധീകരണം ഏറെറടുത്ത ഇസ്ലാമിക പ്രബോധന വിഭാഗം (ബദീഅ, റിയാദ്) ഭാരവാഹികൾക്കും അല്ലാഹു മഹത്തായ പ്രതിഫലം നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വിവർത്തകൻ

# ഹദീസ് വേണ്ടന്നോ ?

ലോകരക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതി, അന്തിമ വിജയം ഭയഭക്തർക്കാണ്, അല്ലാഹുവിൻെറ ദാസനും ദൂതനുമായ മുഹമ്മദ്(സ)ക്ക് സമാധാനവും അനുഗ്രഹവും ഉണ്ടാവട്ടെ, അദ്ദേഹം ലോകർക്ക് മുഴുവൻ അനുഗ്രഹവും മനുഷ്യർക്ക് ദൃഷ്ടാന്തവുമായി നിയോഗിക്കപ്പെട്ടു. തങ്ങളുടെ നാഥൻെറ ഗ്രന്ഥവും പ്രവാചകൻെറ ചര്യയും ആശയ-പദ ലോപമന്യെ സുരക്ഷിതമായി പിൻതലമുറക്ക് കൈമാറിയ നബി(സ)യുടെ അനുചരരെ അല്ലാഹു അനുഗ്രഹിക്കട്ടെ.

ഇസ്ലാമിക നിയമങ്ങൾ സ്ഥിരീകരിക്കുവാനും അനുവദനീയവും നിഷിദ്ധവുമായ കാര്യങ്ങൾ വിശദീകരിക്കുവാനുമുള്ള പ്രഥമ പ്രമാണം ഖുർആനാണ്, അതിൻെറ മുന്നിലൂടെയോ പിന്നിലൂടെയോ അസത്യം കടന്നുവരില്ല. സ്വാഭീഷ്ടത്തിൻെറ സ്വാധീനമില്ലാതെ ദിവ്യവെളിപാടിലൂടെ മാത്രം സംസാരിച്ചിരുന്ന നബി(സ)യുടെ ചര്യയാണ് അടുത്ത പ്രമാണം. മുസ്ലിം പണ്ഢിതരുടെ ഏകോപിച്ച അഭിപ്രായം (ഇജ്മാഅ്) അതിനടുത്ത് നില്ക്കുന്നു. ഈ പ്രമാണങ്ങളുടെ കാര്യത്തിൽ ആധുനികരും പൗരാണികരുമായ മുസ്ലിം പണ്ഢിതർക്ക് പക്ഷാന്തരമില്ല. ഇതര രേഖകളുടെ കാര്യത്തിൽ അവർക്കിടയിൽ അഭിപ്രായാന്തരമുണ്ട്. ഖിയാസ് (താരതമ്യം) അവയിൽ പ്രാധാന്യമർഹിക്കുന്നു. അനുപേക്ഷണീയമായ നിബന്ധനകൾ ഒത്തു ചേർന്ന "ഖിയാസ്" ഭൂരിപക്ഷം പണ്ഢിതരും തെളിവായി അംഗീകരിച്ചിട്ടുണ്ട്. ഈ പ്രമാണങ്ങളുടെ സാധുതക്ക് അസംഖ്യം തെളിവുകളുണ്ട്.

# അല്ലാഹുവിൻെറ ഗ്രന്ഥം

മുസ്ലിംകൾ ഏകോപിച്ചു അംഗീകരിച്ച ഒന്നാമത്തെ പ്രമാണം ഖുർആനാണ്. അതിനെ പിന്തുടരലും അതിൻെറ കല്പനകൾ പാലിക്കലും നിർബ്ബന്ധമാണ്. അനേകം ദൈവിക വചനങ്ങളിലൂടെ അതു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

ٱتَّبِعُوا۟ مَآ أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا۟ مِن دُونِهِۦٓ أَوْلِيَآءَ ۗ قَلِيلًا مَّا تَذَكَّرُونَ ﴿٣﴾

**"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപററുക. അവനുപുറമെ മററു രക്ഷാധികാരികളെ നിങ്ങൾ പിൻപററരുത്. വളരെ കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളു" . ( വി.ഖു : 7:3 )**

﴿١٥٤﴾ وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ فَٱتَّبِعُوهُ وَٱتَّقُوا۟ لَعَلَّكُمْ تُرْحَمُونَ ﴿١٥٥﴾

**"ഇത് നാം അവതരിപ്പിച്ച അനുഗ്രഹീത ഗ്രന്ഥമത്രെ, അതിനെ നിങ്ങൾ പിൻപററുകയും സൂക്ഷ്മത പാലിക്കുകയും**

ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം." ( വി.ഖു: 6:155)

قَدْ جَآءَكُم مِّنَ ٱللَّهِ نُورٌ وَكِتَٰبٌ
مُّبِينٌ ﴿١٥﴾ يَهْدِى بِهِ ٱللَّهُ مَنِ ٱتَّبَعَ رِضْوَٰنَهُۥ
سُبُلَ ٱلسَّلَٰمِ وَيُخْرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى
ٱلنُّورِ بِإِذْنِهِۦ وَيَهْدِيهِمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ

"നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തൻെറ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിൻെറ മാർഗ്ഗങ്ങളിലേക്ക് നയിക്കുന്നു. തൻെറ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.(വി.ഖു: 5: 15,16)

إِنَّ ٱلَّذِينَ كَفَرُوا۟ بِٱلذِّكْرِ لَمَّا جَآءَهُمْ
وَإِنَّهُۥ لَكِتَٰبٌ عَزِيزٌ ﴿٤١﴾ لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ
خَلْفِهِۦ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾

തങ്ങൾക്ക് ഉത്ബോധനം വന്നുകിട്ടിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടം പററിയവർ തന്നെ). അത് പ്രതാപമുള്ള ഒരുഗ്രന്ഥം തന്നെയാകുന്നു. അതിൻെറ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വരികയില്ല. യുക്തിമാനും സ്തുത്യർഹനുമായവൻെറ പക്കൽ നിന്ന് അവതരിക്കപ്പെട്ടതത്രെ അത്.(വി.ഖു:41: 41,42)

وَأُوحِيَ إِلَيَّ هَٰذَا الْقُرْءَانُ لِأُنذِرَكُم بِهِۦ وَمَنۢ بَلَغَ

ഈ ഖുർആൻ എനിക്ക് ദിവ്യബോധനമായി നൽകപ്പെട്ടിട്ടുള്ളത്, അത് മുഖേന നിങ്ങൾക്കും അത് (അതിൻെറ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നതിനു വേണ്ടിയാകുന്നു" (വി.ഖു: 6

هَٰذَا بَلَٰغٌ لِّلنَّاسِ وَلِيُنذَرُوا۟ بِهِۦ وَلِيَعْلَمُوٓا۟ أَنَّمَا هُوَ إِلَٰهٌ وَٰحِدٌ وَلِيَذَّكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٥٢﴾

"ഇത് മനുഷ്യർക്ക് വേണ്ടി വ്യക്തമായ ഒരു

**ഉത്ബോധനമാകുന്നു. അതുകൊണ്ട് അവർക്ക് മുന്നറിയിപ്പ് നല്കുന്നതിന് വേണ്ടി" (വി.ഖു:14: 52)**

ഇതേ ആശയത്തിലുള്ള അനേകം വചനങ്ങൾ ഖുർആനിലുണ്ട്, ഒട്ടേറെ നബിവചനങ്ങളും ഖുർആനെ ദൃഢമായി അവലംബിക്കാൻ ആഹ്വാനം ചെയ്യുന്നുണ്ട്. അതിനെ അനുധാവനം ചെയ്യുന്നവൻ സന്മാർഗ്ഗത്തിലും, അതിനെ ഉപേക്ഷിച്ചവൻ ദുർമ്മാർഗ്ഗത്തിലുമാണെന്ന് അവ നമ്മെ ബോധ്യപ്പെടുത്തുന്നു. നബി(സ) തൻെറ "ഹജ്ജത്തുൽ വദാഇലെ" പ്രസംഗത്തിൽ പറഞ്ഞു:

"إنّي تاركٌ فيكُمْ مَالَنْ تَضِلّوا إن اعْتَصَمْتُمْ بِهِ كتَابُ الله " رواه مسلم

"ഞാൻ നിങ്ങൾക്ക് അല്ലാഹുവിൻെറ ഗ്രന്ഥം വിട്ടേച്ചു പോവുന്നു, അതിനെ നിങ്ങൾ മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ മാർഗ്ഗ ഭ്രംശത്തിലാവില്ല " (മുസ്ലിം ) .

"إنّي تاركٌ فيكُمْ ثقلَيْنِ أوَّلُهُمَا كتَابُ الله فيه الهُدَى والنُّور فَخُذُوَا بِكتَابِ اللهِ وَتمَسّكُوا بِهِ "

സൈദ് ബിൻ അർഖമി(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു : "ഞാൻ നിങ്ങൾക്ക് രണ്ടു സുപ്രധാന കാര്യങ്ങൾ വിട്ടുപോകുന്നു, അവയിൽ ഒന്നാമത്തേത് അല്ലാഹുവിൻെറ ഗ്രന്ഥമാണ്, അതിൽ സന്മാർഗ്ഗവും പ്രകാശവുമുണ്ട്. അതിനാൽ ദൈവിക ഗ്രന്ഥത്തെ സ്വീകരിക്കുക, അതിനെ മുറുകെ പിടിക്കുക". (മുസ്ലിം).

അല്ലാഹുവിൻെറ ഗ്രന്ഥത്തെ അനുധാവനം ചെയ്യാൻ പ്രോത്സാഹിപ്പിച്ച ശേഷം അവിടുന്നു പറഞ്ഞു: **എൻെറ കുടുംബത്തിൻെറ (അഹ്ലുൽ ബൈത്ത്) കാര്യത്തിൽ നിങ്ങൾ അല്ലാഹുവെ ഓർമ്മിക്കുക, മററൊരു വചനത്തിൽ ഖുർആനെ സംബന്ധിച്ച് നബി(സ) അരുളി "അത് അല്ലാഹുവിൻെറ പാശമാണ്, അതിനെ മുറുകെ പിടിച്ചവൻ സന്മാർഗ്ഗത്തിലാണ്, ഉപേക്ഷിച്ചവൻ മാർഗ്ഗച്യുതിയിലുമാണ്"**.

ഖുർആനിൻെറ പ്രാമാണികത വിശദമാക്കുന്ന ധാരാളം നബിവചനങ്ങളുണ്ട്. സ്വഹാബികളുടെ കാലം മുതലുള്ള മുസ്ലിം പണ്ഡിതർ ഖുർആനും നബിചര്യയും ഇസ്ലാമിൻെറ അടിസ്ഥാന ശിലകളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അവയെ ദൃഢമായി അവലംബിക്കുവാനും ഫത്വകളും വിധികളും അവയിൽ നിന്നു കണ്ടെത്താനും അവർ ഉത്ബോധിപ്പിച്ചു. അതിനാൽ ഖുർആനിൻെറ പ്രാമാണികതയെ സംബന്ധിച്ച് കൂടുതൽ തെളിവുകൾ ഉദ്ധരിക്കേണ്ടതില്ല.

## നബിചര്യ:

മുസ്ലിംകൾ ഐക്യകണ്ഠേന അംഗീകരിച്ച മൂന്നു പ്രമാണങ്ങളിൽ രണ്ടാമത്തേത് നബി(സ)യിൽ നിന്ന് സ്ഥിരപ്പെട്ട ചര്യയാണ്. നബി(സ)യുടെ അനുചരരും (സ്വഹാബികൾ) അവരുടെ പിൻഗാമികളും ഈ പ്രമാണത്തെ അംഗീകരിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. അവരത് സമുദായത്തെ പഠിപ്പിക്കുകയും അതിനായി ഗ്രന്ഥങ്ങൾ വിരചിക്കുകയും

ചെയ്തു. അതിൻെറ ആധികാരികത ഹദീസിൻെറയും കർമ്മ ശാസ്ത്രത്തിൻെറയും നിദാനഗ്രന്ഥങ്ങളിൽ അവർ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

നബിചര്യയുടെ പ്രാമാണികത വിളിച്ചോതുന്ന ധാരാളം തെളിവുകളുണ്ട്. നബി(സ)യെ പിന്തുടരാനും അനുസരിക്കാനുമുള്ള ഒട്ടേറെ ആജ്ഞകൾ പരിശുദ്ധ ഖുർആനിൽ കാണാവുന്നതാണ്. അവ അദ്ദേഹത്തിൻെറ കാലത്തുണ്ടായിരുന്നവർക്കും ശേഷമുള്ള വർക്കും ഒരുപോലെ ബാധകമാണ്. നബി(സ) ലോകാവസാനംവരെയുള്ള സർവ്വ മനുഷ്യർ ക്കുമുള്ള ദൈവിക ദൂതനാണ്. അതിനാൽ അവരോടെല്ലാം അദ്ദേഹത്തെ അനുസരിക്കാൻ അല്ലാഹു കല്പിച്ചിട്ടുണ്ട്. നബി(സ) തന്നെയാണ് ഖുർആനിൻെറ വ്യാഖ്യാതാവ്. ഖുർആനിൽ സംക്ഷിപ്തമായി പറഞ്ഞ കാര്യങ്ങൾ അവിടുന്ന് തൻെറ വാക്കിലൂടെയും, കർമ്മത്തിലൂടെയും അംഗീകാരത്തിലൂടെയും വിശദീകരിക്കുന്നു. പ്രവാചകചര്യ ഇല്ലായിരുന്നുവെങ്കിൽ നമസ്ക്കാരത്തിൻെറ ക്രമമോ, റക്അത്തുകളുടെ എണ്ണമോ, അതിലെ നിർബ്ബന്ധ കാര്യങ്ങളോ മുസ്ലിംകൾ അറിയു മായിരുന്നില്ല. വ്രതം , സകാത്ത് , ഹജ്ജ് , ജിഹാദ്, നന്മ കല്പിക്കുക, തിന്മ വിരോധിക്കുക തുടങ്ങിയവയുടെ വിശദാംശങ്ങളും ഗ്രാഹ്യമാകുമായിരുന്നില്ല. അപ്രകാരം തന്നെ ക്രയവിക്രയങ്ങളിലെ വിധികൾ, നിഷിദ്ധകാര്യങ്ങൾ, ശിക്ഷാനിയമങ്ങൾ എന്നിവയുടെ വിശദീകരണങ്ങളും മനസ്സിലാക്കാൻ നബിചര്യ കൂടാതെ സാധ്യമല്ല. നബിചര്യയുടെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്ന ധാരാളം ഖുർആനിക സൂക്തങ്ങളുണ്ട്.

അല്ലാഹു പറയുന്നു:

وَأَطِيعُوا۟ ٱللَّهَ وَٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿١٣٢﴾

**"നിങ്ങൾ അല്ലാഹുവെയും (അവന്റെ) ദൂതനെയും അനുസരിക്കുക, നിങ്ങൾ അനുഗ്രഹീതരായേക്കാം"(വി.ഖു: 3: 132).**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى
ٱلْأَمْرِ مِنكُمْ ۖ فَإِن تَنَـٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ
تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾

**"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക, (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക, ഏതെങ്കിലും കാര്യത്തിൽ നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക, നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും**

**വിശ്വസിക്കുന്നുവെങ്കിൽ അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും"(വി.ഖു : 4: 59).**

مَّن يُطِعِ ٱلرَّسُولَ فَقَدْ أَطَاعَ ٱللَّهَ وَمَن تَوَلَّىٰ فَمَآ أَرْسَلْنَٰكَ عَلَيْهِمْ حَفِيظًا ﴿٨٠﴾

**"അല്ലാഹുവിൻെറ ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു, ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല. " (വി.ഖു : 4: 80)**

പ്രവാചകചര്യ തെളിവിനു പര്യാപ്തമല്ലെങ്കിൽ ഏതു വിധേനയാണ് പ്രവാചകനെ അനുസരിക്കുക? തർക്കമുള്ള കാര്യങ്ങൾ എങ്ങിനെ അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്കും അവൻെറ ദൂതൻെറ ചര്യയിലേക്കും മടക്കും? പ്രവാചകചര്യ മുഴുവൻ സംരക്ഷിക്കപ്പെടാതിരുന്നാലും സ്ഥിതി ഇതു തന്നെ. പ്രവാചകചര്യ സംരക്ഷിക്കപ്പെട്ടിരുന്നില്ലെങ്കിൽ മിഥ്യയായ ഒരുകാര്യമാണ് അല്ലാഹു തൻെറ ദാസരോട് ആഹ്വാനം ചെയ്തത് എന്നു പറയേണ്ടിവരും, അങ്ങിനെ പറയുന്നതാവട്ടെ കടുത്ത വ്യാജവും സത്യനിഷേധവും ദൈവദൂഷ്യവുമാണ്.

അല്ലാഹു പറയുന്നു:

وَأَنزَلْنَآ إِلَيْكَ
ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ

**"നിനക്കു നാം ഉത്ബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയു(മാണത്) " (വി.ഖു: 16: 44 ).**

وَمَآ أَنزَلْنَا عَلَيْكَ ٱلْكِتَـٰبَ إِلَّا لِتُبَيِّنَ لَهُمُ
ٱلَّذِى ٱخْتَلَفُوا۟ فِيهِ ۙ وَهُدًى وَرَحْمَةً لِّقَوْمٍ يُؤْمِنُونَ ﴿٦٤﴾

**"അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചുപോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗ്ഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം ഈ വേദഗ്രന്ഥം അവതരിപ്പിച്ചു തന്നത്." (വി.ഖു: 16: 64 ).**

പ്രവാചകചര്യ നിലവിലില്ലാത്തതോ തെളിവിനു അനുയോജ്യമല്ലാത്തതോ ആയിരുന്നുവെങ്കിൽ അവതരിപ്പിക്കപ്പെട്ട ഗ്രന്ഥം വിശദീകരിക്കാനുള്ള ഉത്തരവാദിത്തം നബി(സ)യെ അല്ലാഹു ഏല്പിക്കുമോ?

അല്ലാഹു പറയുന്നു :

قُلْ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُم مَّا حُمِّلْتُمْ ۖ وَإِن تُطِيعُوهُ تَهْتَدُوا۟ ۚ وَمَا عَلَى ٱلرَّسُولِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿٥٤﴾

"നീ പറയുക : നിങ്ങൾ അല്ലാഹുവെ അനുസരിക്കുവീൻ, റസൂലിനെയും നിങ്ങൾ അനുസരിക്കുവീൻ, നിങ്ങൾ പിന്തിരിഞ്ഞു കളയുന്ന പക്ഷം അദ്ദേഹം (റസൂൽ) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തിൽ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്. നിങ്ങളെ ഭരമേല്പിച്ച (കാര്യത്തിലാണ്) നിങ്ങൾക്കു ബാധ്യതയുള്ളത്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നുവെങ്കിൽ നിങ്ങൾ സന്മാർഗ്ഗത്തിലാവും. വ്യക്തമായ പ്രബോധനം മാത്രമെ പ്രവാചകന് ബാധ്യതയുള്ളു." (വി.ഖു: 24: 54 ).

അതെ അദ്ധ്യായത്തിൽ അല്ലാഹു വീണ്ടും പറയുന്നു ;

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿٥٦﴾

" നിങ്ങൾ നമസ്കാരം മുറ പോലെ നിർവ്വഹിക്കുകയും, സകാത്ത് നല്കുകയും, റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം. (വി.ഖു: 24: 56)

قُلْ يَـٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ لَآ إِلَـٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرَسُولِهِ ٱلنَّبِىِّ ٱلْأُمِّىِّ ٱلَّذِى يُؤْمِنُ بِٱللَّهِ وَكَلِمَـٰتِهِۦ وَٱتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ ﴿١٥٨﴾

"പറയുക, മനുഷ്യരേ, നിശ്ചയമായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനാണ്. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും

**അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിലും വിശ്വസിക്കുക. അദ്ദേഹം അല്ലാഹുവിലും അവൻെറ വചനങ്ങളിലും വിശ്വസിക്കുന്നവനാണ്. അദ്ദേഹത്തെ പിൻപററുകയും ചെയ്യുക, നിങ്ങൾക്ക് നേർമാർഗ്ഗം പ്രാപിക്കാം. (വി.ഖു: 7: 158 )**

സന്മാർഗ്ഗവും ദൈവികാനുഗ്രഹവും നബി(സ)യെ അനുധാവനം ചെയ്യുന്നതിലൂടെയാണ് ലഭിക്കുക, ഉപരിസൂചിത വചനങ്ങൾ അതാണറിയിക്കുന്നത്. നബിചര്യയനുസരിച്ച് പ്രവർത്തിക്കാതി രിക്കുകയും അത് അംഗീകാരയോഗ്യമോ അവലംബനീയമോ അല്ലെന്നു പ്രസ്താവിക്കുകയും ചെയ്യുന്നവൻ എങ്ങിനെ നേർമാർഗ്ഗത്തിലാവും?

അല്ലാഹു പറയുന്നു :

فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ
أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

**" അദ്ദേഹത്തിൻെറ കല്പനക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ. " ( വി.ഖു: 24: 63)**

وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا
نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ۚ وَٱتَّقُوا۟ ٱللَّهَ ۖ إِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٧﴾

**"നിങ്ങൾക്കു റസൂൽ നൽകിയത് സ്വീകരിക്കുക, അദ്ദേഹം വിരോധിച്ചതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞുനില്ക്കുകയും ചെയ്യുക." (വി.ഖു:59 :7 )**

പ്രവാചകചര്യയെ അനുധാവനം ചെയ്യാൻ ആജ്ഞാപിക്കുന്ന വചനങ്ങൾ ഖുർആനിൽ വളരെയധികം ദർശിക്കാവുന്നതാണ്. അവയെല്ലാം നബി(സ)യെ അനുസരിക്കുകയും അദ്ദേഹം കൊണ്ടുവന്നത് പിന്തുടരുകയും ചെയ്യൽ നിർബ്ബന്ധമാണെന്ന് നമ്മെ ഉണർത്തുന്നു. അല്ലാഹുവിൻെറ ഗ്രന്ഥത്തെ പിന്തുടരുകയും അതിലുള്ള കല്പനകളും നിരോധനങ്ങളും പാലിക്കുകയും ചെയ്യേണ്ടത് നമ്മുടെ ബാധ്യതയാണെന്ന് നാം നേരത്തെ വിശദീകരിച്ചുവല്ലോ.

ഖുർആനും നബിചര്യയും പരസ്പര പൂരകങ്ങളാണ്, അവയിൽ ഒന്നിനെ നിഷേധിക്കുന്നവൻ മററതിനെയും നിഷേധിച്ചവനായിത്തീരും. അവൻ സത്യനിഷേധത്തിലും ദുർമാർഗ്ഗത്തിലും അകപ്പെടുകയും ഇസ്ലാമികവൃത്തത്തിൽ നിന്ന് പുറത്താവുകയും ചെയ്യും. ഇതിൽ മുസ്ലിം പണ്ഡിതർക്കിടയിൽ അഭിപ്രായാന്തരമില്ല. തന്നെ അനുസരിക്കാനും തൻെറചര്യയെ പിന്തുടരാനും ധാരാളം വചനങ്ങളിലൂടെ നബി(സ) ആഹ്വാനം ചെയ്തിട്ടുണ്ട്. നബി(സ)യെ ധിക്കരിക്കുന്നത് നിഷിദ്ധമാണെന്ന് അവിടുന്നു മുന്നറിയിപ്പു നല്കിയിട്ടുണ്ട്. നബി(സ)യുടെ

കാലത്തുണ്ടായിരുന്നവർക്കു മാത്രമല്ല അന്ത്യനാൾ വരെയുള്ള സർവ്വജനങ്ങൾക്കും അവ ബാധകമാണ്.

" مَنْ أَطَاعَنِي فَقَدْ أَطَاعَ اللَّه وَمَنْ عَصَانِي فَقَدْ عَصَى الله " متفق عليه

അബൂഹുറൈറ(റ)ൽ നിന്ന് നിവേദനം : നബി (സ) പറഞ്ഞു : "എന്നെ അനുസരിച്ചവൻ അല്ലാഹുവെ അനുസരിച്ചു, എന്നെ ധിക്കരിച്ചവൻ അല്ലാഹുവെ ധിക്കരിക്കുകയും ചെയ്തു (ബുഖാരി, മുസ്ലിം) .

" كُلُّ أُمَّتِي يَدْخُلُونَ الْجَنَّةَ إِلاَّ مَنْ أَبَى قِيلَ يَا رَسُولَ اللَّه وَمَنْ يَأْبَى قَالَ مَنْ أَطَاعَنِي دَخَلَ الْجَنَّةَ وَمَنْ عَصَانِي فَقَدْ أَبَى " رواه البخاري

"എന്റെ സമുദായം മുഴുവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും, വിസമ്മതിച്ചവൻ ഒഴികെ" ആരാണ് വിസമ്മതിച്ചവൻ എന്നൊരാൾ ചോദിച്ചു, നബി(സ) പറഞ്ഞു : എന്നെ അനുസരിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും, എന്നെ ധിക്കരിച്ചവനാണ് വിസമ്മതിച്ചവൻ " (ബുഖാരി)

മിഖ്ദാംബിൻമഅ്ദീകരിബ(റ)യിൽ നിന്ന് ഉദ്ധരിക്കുന്നു :

" أَلاَ إِنِّي أُوتِيتُ الْكِتَابَ وَمِثْلَهُ مَعَهُ أَلاَ يُوشِكُ رَجُلٌ شَبْعَانٌ عَلَى أَرِيكَتِه يَقُولُ عَلَيْكُمْ بِهَذَا الْقُرْآنِ فَمَا وَجَدْتُمْ فِيهِ مِنْ حَلاَلٍ فَأَحِلُّوهُ وَمَا وَجَدْتُمْ فِيهِ مِنْ حَرَامٍ فَحَرِّمُوهُ " رواه أحمد

നബി(സ) പറഞ്ഞു : അറിയുക, എനിക്ക് ഗ്രന്ഥവും

(ഖുർആൻ) അതോടൊപ്പം അതിനോടു തുല്യമായതും ലഭിച്ചിട്ടുണ്ട്, അറിയുക, ഒരു കാലം അടുത്തിരിക്കുന്നു, അന്ന് വയറു നിറച്ചു വിശപ്പടക്കിയ മനുഷ്യൻ തന്റെ ചാരുകസേരയിലിരുന്ന് പറയും " ഖുർആനെ നിങ്ങൾ സ്വീകരിക്കുക, അതിൽ കാണുന്ന അനുവദനീയങ്ങളെ നിങ്ങൾ അനുവദനീയങ്ങളായും, അതിൽ കാണുന്ന നിഷിദ്ധങ്ങളെ നിഷിദ്ധങ്ങളായും അംഗീകരിക്കുക" (അഹ്മദ്).

അബൂറാഫിഅ് (റ) ൽ നിന്ന് നിവേദനം :

"لاَ أُلْفِيَنَّ أَحَدَكُمْ مُتَّكِئًا عَلَى أَرِيكَتِه يَأْتِيه الأَمْرُ مِنْ أَمْرِي مِمَّا أَمَرْتُ بِهِ أَوْ نَهَيْتُ عَنْهُ فَيَقُولُ لاَ نَدْرِي ، مَاوَجَدْنَا فِي كِتَابِ اللَّه اتَّبَعْنَاهُ" رواه أبوداود وإبن ماجه.

നബി(സ) പറഞ്ഞു : ഞാൻ ആജ്ഞാപിക്കുകയോ, നിരോധിക്കുകയോ ചെയ്ത ഒരു കാര്യം തനിക്ക് എത്തുമ്പോൾ തന്റെ ചാരുകസേരയിൽ ഇരുന്നുകൊണ്ട് നമുക്ക് അതറിയുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കണ്ടതിനെ നാം പിന്തുടരും, എന്നു പറയുന്ന അവസ്ഥയിൽ നിങ്ങളിൽ ഒരാളെയും ഞാൻ കാണാതിരിക്കട്ടെ". (അബൂദാവൂദ്, ഇബ്നു മാജഃ)

ഹസൻ ബിൻ ജാബിർ(റ) ൽ നിന്ന് നിവേദനം:

" حَرَّمَ رَسُولُ اللَّه صَلَّى الله عَلَيْه وَسَلَّمَ يَوْمَ خَيْبَرَ أَشْيَاءَ ثُمَّ قَالَ يُوشِكُ أَحَدَكُمْ أَنْ يُكَذِّبَنِي وَهُوَ مُتَّكِئٌ يُحَدِّثُ بِحَدِيثِي فَيَقُولُ بَيْنَنَا وَبَيْنَكُمْ كِتَابُ اللَّهِ فَمَا وَجَدْنَا فِيهِ مِنْ حَلاَلٍ اسْتَحْلَلْنَاهُ

وَمَا وَجَدْنَا فِيهِ مِنْ حَرَامٍ حَرَّمْنَاهُ أَلاَ إِنَّ مَا حَرَّمَ رَسُولُ اللهِ مِثْلُ مَا حَرَّمَ اللهُ " أخرجه الحاكم والترمذي وابن ماجة.

"മിഖ്ദാംബിൻമഅ്ദീകരിബ(റ) പറയുന്നത് ഞാൻ കേട്ടു " ഖൈബർ യുദ്ധദിവസം ചില കാര്യങ്ങൾ നബി(സ) നിഷിദ്ധമാക്കി, അനന്തരം അവിടുന്ന് പറഞ്ഞു: നിങ്ങളിൽ ചിലർ എന്നെ നിഷേധിക്കുന്ന ഒരുകാലം വരാറായിരിക്കുന്നു, എന്റെ വചനം അവനോട് പറഞ്ഞാൽ ചാരിയിരുന്നുകൊണ്ട് അവൻ പറയും, അല്ലാഹുവിന്റെ ഗ്രന്ഥം നമ്മുടെ മുമ്പിലുണ്ട്, അതിൽ അനുവദനീയമായി നാം കണ്ടെത്തിയത് നമുക്ക് അനുവദനീയമാണ്, അതിൽ നിഷിദ്ധമായി നാം കണ്ടെത്തിയത് നമുക്കു നിഷിദ്ധവുമാണ്. അറിയുക, അല്ലാഹുവിന്റെ ദൂതൻ നിഷിദ്ധമാക്കിയത് അല്ലാഹു നിഷിദ്ധമാക്കിയത് പോലെ ത്തന്നെയാണ്. (ഹാക്കിം, തിർമിദി, ഇബ്നുമാജഃ)

"സദസ്സിൽ ഹാജരായവർ അസന്നിഹിതർക്ക് എത്തിക്കുക, നേരിട്ടു ശ്രവിച്ചവനെക്കാൾ ഗ്രഹിക്കാൻ കഴിയുന്ന എത്രയോ എത്തിക്കപ്പെടുന്നവരുണ്ട്". എന്ന് നബി(സ) തന്റെ പ്രസംഗത്തിൽ ഉപദേശിക്കാറു ണ്ടായിരുന്നുവെന്ന് അനേകം ഹദീസുകളിലൂടെ സ്ഥിരപ്പെട്ടിട്ടുണ്ട്. ഹജ്ജത്തുൽ വിദാഇൽ (വേർപാടിന്റെ ഹജ്ജ്) അറഫയിലും മിനായിലും പ്രസംഗിച്ചപ്പോൾ അവിടുന്നു പറഞ്ഞു: "സന്നിഹിതൻ ഇവിടെയില്ലാത്തവന് വിവരം എത്തിക്കട്ടെ, കേട്ടവനെക്കാൾ ഗ്രഹിക്കുന്ന എത്രയോ എത്തിക്കപ്പെട്ടവരുണ്ട്" (ബുഖാരി, മുസ്‌ലിം).

ശ്രവിച്ചവനും എത്തിക്കപ്പെട്ടവനും നബിചര്യ

തെളിവായിരുന്നില്ലെങ്കിലോ, അന്ത്യനാൾ വരെ അത് അവശേഷിക്കുമായിരുന്നില്ലെങ്കിലോ അത് പ്രബോധിക്കാൻ നബി(സ) ആജ്ഞാപിക്കുമായിരുന്നില്ല. നബി(സ)യുടെ ജിഹ്വയിൽ നിന്ന് അവിടുത്തെ വചനങ്ങൾ ശ്രവിച്ചവർക്കും, പ്രബലമായ നിവേദന പരമ്പരകളിലൂടെ നബിചര്യ ലഭിച്ചവർക്കും അത് പ്രമാണമാണ് എന്ന് ഇതിൽനിന്നു നമുക്കു ഗ്രഹിക്കാം.

നബി(സ)യുടെ അനുചരരായ "സ്വഹാബികൾ" നബി(സ)യുടെ കർമ്മങ്ങളിലൂടെയും വാക്കുകളിലൂടെയും തങ്ങൾക്കു ലഭ്യമായ ചര്യകൾ സംരക്ഷിച്ചു. തങ്ങളുടെ പിൻഗാമികളായ "താബിഉകൾക്ക്" അവർ അത് എത്തിക്കുകയും ചെയ്തു. താബിഉകൾ തങ്ങളുടെ പിൻതലമുറക്ക് അത് അറിയിച്ചു കൊടുത്തു. അങ്ങിനെ വിശ്വസ്തരായ പണ്ഡിതർ തലമുറകളായി അവ കൈമാറിക്കൊണ്ടിരുന്നു. മാത്രമല്ല അവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ അവ ക്രോഡീകരിച്ചു. അവയിലെ സ്വീകാര്യമായവയെയും അല്ലാത്തവയെയും തിരിച്ചറിയാനുള്ള നിയമങ്ങളും നിദാന ശാസ്ത്രങ്ങളും അവർ വിരചിച്ചു. ബുഖാരി, മുസ്‌ലിം തുടങ്ങിയ ഹദീസ് ഗ്രന്ഥങ്ങൾ അവർ സമ്പൂർണ്ണമായി സംരക്ഷിക്കുകയും ചെയ്തു.

إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَٰفِظُونَ ﴿٩﴾

**"നാം ഉത്ബോധനത്തെ അവതരിപ്പിച്ചിരിക്കുന്നു, നിശ്ചയമായും നാം അതിനെ സംരക്ഷിക്കുന്നതുമാണ്"( വി.ഖു : 15: 9 )** എന്ന

ദിവ്യവചനത്തെ അല്ലാഹു സാക്ഷാത്ക്കരിച്ചു. അവൻ ഖുർആനിനെ നിരീശ്വരവാദികൾക്കും, വിതണ്ഡവാദികൾക്കും കൈകടത്താൻ കഴിയാത്തവണ്ണം സംരക്ഷിച്ചു. നബിചര്യയും അല്ലാഹുവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട ദിവ്യബോധനം തന്നെയാണെന്നതിൽ സന്ദേഹമില്ല. അതിനെയും അല്ലാഹു തന്റെ ഗ്രന്ഥത്തെ പോലെ സംരക്ഷിച്ചിരിക്കുന്നു. നബിചര്യയെ കാത്തു രക്ഷിക്കുന്നതിനുവേണ്ടി ബുദ്ധിമാന്മാരായ പണ്ഡിതരെ അവൻ തയ്യാറാക്കി. മാർഗ്ഗഭ്രംശം ബാധിച്ചവരുടെയും അജ്ഞരുടെയും ദുർവ്യാഖ്യാനങ്ങളിൽ നിന്ന് അവർ അതിനെ സംരക്ഷിച്ചു. അവിവേകികളും വ്യാജവാദികളും നിരീശ്വരവാദികളും അതിനെതിരെ നടത്തിയ ആക്രമങ്ങളെ അവർ പ്രതിരോധിക്കുകയും ചെയ്തു. കാരണം ഖുർആനിന്റെ വിശദീകരണമായി അതിനെയാണ് അല്ലാഹു അംഗീകരിച്ചത്. ഖുർആൻ സംക്ഷിപ്തമായി പറഞ്ഞ കാര്യങ്ങളുടെ വിശദാംശങ്ങളും ഖുർആനിൽ ഖണ്ഡിതമായി പറയാത്ത ഒട്ടേറെ വിധികളും അതിലുണ്ട്. മുലകുടി സംബന്ധമായ വിശദനിയമങ്ങൾ, ചില അനന്തരാവകാശ പ്രശ്നങ്ങൾ, ഒരാൾ ഒരുസ്ത്രീയെയും അവളുടെ മാതൃ-പിതൃ സഹോദരിമാരെയും ഒരേസമയം ഭാര്യമാരായി നിലനിർത്തുന്നതിന്റെ നിരോധം എന്നിവ ഉദാഹരണങ്ങളാണ്. അവയെല്ലാം പ്രബലമായ നബിവചനങ്ങളിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. ഖുർആനിലാകട്ടെ അത് വിശദീകരിച്ചിട്ടില്ല.

നബിചര്യക്ക് സ്വഹാബികളും താബിഉകളും അവരുടെ പിൻഗാമികളായ പണ്ഡിതരും നല്കിയിരുന്ന പ്രാധാന്യത്തെ വ്യക്തമാക്കുന്ന ധാരാളം സംഭവങ്ങളുണ്ട്. അബൂഹുറൈറ (റ) പറഞ്ഞു : നബി(സ) ഇഹലോകവാസം

വെടിഞ്ഞപ്പോൾ അറബികളിൽ ചിലർ (സകാത്തിൻെറ നിർബ്ബന്ധം നിഷേധിച്ചു) മതഭൃഷ്ടരായി, അതറിഞ്ഞ അബൂബക്കർ (റ) പറഞ്ഞു: നമസ്ക്കാരത്തിനും സകാത്തിനും മദ്ധ്യെ വ്യത്യാസം കല്പിച്ചവരോട് ഞാൻ യുദ്ധം ചെയ്യും , അപ്പോൾ ഉമർ(റ) ചോദിച്ചു : താങ്കൾ അവരോട് യുദ്ധം ചെയ്യുകയോ?

" أمرتُ أنْ أقاتلَ النّاسَ حَتّى يَقُولُوا لاَ إلهَ إلا الله فإذا قالُوها عَصَمُوا مِنِّي دِمَاءَهُمْ وَأمْوالَهُمْ إلاَّ بِحَقِّهَا " متفق عليه.

"അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ല" എന്ന് പ്രഖ്യാപിക്കുന്നതുവരെ ജനങ്ങളോട് പോരാടാൻ ഞാൻ ആജ്ഞാപിക്ക പ്പെട്ടിരിക്കുന്നു. അത് അവർ പ്രസ്താവിച്ചാൽ അവരുടെ രക്തവും ധനവുമവർ എന്നിൽ നിന്ന് സുരക്ഷിതമാക്കി, ന്യായമായ അവകാശം ഉണ്ടായാൽ ഒഴികെ. എന്ന് നബി(സ) പറഞ്ഞിട്ടില്ലയോ ?

അബൂബക്കർ (റ) പറഞ്ഞു : സകാത്ത് ന്യായമായ അവകാശമല്ലെയോ? അല്ലാഹുതന്നെയാണ് സത്യം, നബി(സ)യുടെ കാലത്ത് അവർ നല്കിയിരുന്ന ഒരാട്ടിൻ കുട്ടിയെ ഇപ്പോൾ നല്കാൻ വിസമ്മതിച്ചാൽ ഞാൻ അവരോട് പോരാടും, ഉമർ(റ)പറയുന്നു: അബൂബക്കറിൻെറ ഹൃദയം യുദ്ധസജ്ജമാക്കിയത് അല്ലാഹുവാണ് എന്ന് എനിക്കു ബോധ്യമായി. അതാണ് ശരിയെന്ന് എനിക്കു മനസ്സിലാവുകയും ചെയ്തു. നബി(സ)യുടെ അനുചരരും അബൂബക്കർ(റ)യെ പിന്തുടർന്നു. അവർ മതപരിത്യാഗികളോട് യുദ്ധം ചെയ്തു, അവരെ ഇസ്ലാമിലേക്ക് തിരിച്ചു കൊണ്ടുവന്നു. ധിക്കാരികൾ വധിക്കപ്പെട്ടു. പ്രവാചകചര്യയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യൽ നിർബ്ബന്ധമാണെന്നതിൻെറ

വ്യക്തമായ ഉദാഹരണമാണ് ഈ സംഭവം.

ഒരുമുത്തശ്ശി അവർക്ക് പൗത്രൻെറ അനന്തര സമ്പത്തിൽ അവകാശമുണ്ടോ എന്നാരാഞ്ഞു കൊണ്ട് അബൂബക്കർ(റ)വിൻെറ സന്നിധി യിലെത്തി. അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ നിനക്ക് ഒരു ഓഹരിയുമില്ല. നബി(സ) നിനക്ക് എന്തെങ്കിലും വിധിച്ചതായും എനിക്ക് അറിവില്ല. ഞാൻ ജനങ്ങളോട് അന്വേഷിക്കട്ടെ, അദ്ദേഹം അവരോട് പറഞ്ഞു. അനന്തരം സഹാബികളോട് അതിനെ സംബന്ധിച്ചു അദ്ദേഹം ആരാഞ്ഞു. അവരിൽ ചിലർ പൗത്രൻെറ സമ്പത്തിൽ നിന്ന് ആറിലൊന്നു ഭാഗം നബി(സ) മുത്തശ്ശിക്കു കൊടുത്തതായി സാക്ഷ്യം വഹിച്ചു. അപ്പോൾ മുത്തശ്ശിക്ക് അത്രയും നല്കാൻ അബൂബക്കർ (റ) ഉത്തരവ് പുറപ്പെടുവിച്ചു .

അല്ലാഹുവിൻെറ ഗ്രന്ഥമനുസരിച്ച് വിധിക്കുക, ഖുർആനിൽ ഒരുപ്രശ്നത്തിനുള്ള വിധി കണ്ടെത്തിയില്ലെങ്കിൽ പ്രവാചകചര്യയുടെ അടിസ്ഥാനത്തിൽ വിധിക്കുക, ഇതായിരുന്നു ഉമർ(റ) തൻെറ ഗവർണ്ണർമാർക്ക് നല്കിയിരുന്ന നിർദ്ദേശം.

ഗർഭിണിയെ ആരെങ്കിലും കയ്യേററം ചെയ്തതു നിമിത്തം അവൾ ജീവനില്ലാത്ത കുഞ്ഞിനെ പ്രസവിച്ചാൽ എന്തുചെയ്യണം? ഈ പ്രശ്നത്തിൽ സന്ദേഹമുണ്ടായപ്പോൾ ഉമർ(റ) സഹാബികളോട് അതിനെ കുറിച്ചു ചോദിച്ചു. അപ്പോൾ മുഹമ്മദ് ബിൻ മസ്‌ലമയും മുഗീറ ബിൻ ശുഅബയും അതിന് ഒരടിമയെ അല്ലെങ്കിൽ അടിമസ്ത്രീയെ പ്രായശ്ചിത്തമായി നല്കാൻ നബി(സ) വിധിച്ചിട്ടുണ്ട് എന്ന് സാക്ഷ്യം വഹിച്ചു. അപ്പോൾ തദനുസാരം ഉമർ(റ)വും വിധി പുറപ്പെടുവിച്ചു.

ഭർത്താവിൻെറ മരണശേഷം ഒരു സ്ത്രീക്ക് അവളുടെ ഭവനത്തിൽ ഇദ്ദയാചരിക്കാമോ എന്ന പ്രശ്നത്തിൽ ഉസ്മാൻ(റ)ന് സംശയമുണ്ടായി. അപ്പോൾ അബൂസഈദ്(റ)ൻെറ സഹോദരി ഫരീഅ: ബിൻത് മാലിക്ക്(റ)ഉസ്മാനോട് പറഞ്ഞു: എൻെറ ഭർത്താവിൻെറ വിയോഗ ശേഷം നിശ്ചിതകാലാവധി (നാലുമാസവും പത്തു ദിവസവും) വരെ ഭർതൃഗൃഹത്തിൽ കഴിച്ചു കൂട്ടാൻ നബി(സ) എന്നോട് ആജ്ഞാപിച്ചു. അതു കേട്ടപ്പോൾ ഉസ്മാൻ(റ) തദനുസാരം വിധിച്ചു. നബി(സ)യുടെ ചര്യയനുസരിച്ചായിരുന്നു വലീദ്ബിൻഉഖ്ബയെ ഉസ്മാൻ(റ) മധ്യപാനത്തിനു ശിക്ഷിച്ചത്.

ഹജ്ജ് മുത്അത്തായി[1] നിർവ്വഹിക്കുന്നത് ഉസ്മാൻ(റ)തടയുന്നുവെന്ന് അലി(റ)ന് വിവരം ലഭിച്ചു. ഉടനെ അലി(റ) ഹജ്ജും ഉംറയും ഒന്നിച്ചു നിർവ്വഹിക്കുന്നതിനായി ഇഹ്റാം ചെയ്തു. അദ്ദേഹം പറഞ്ഞു : പ്രവാചകൻെറ ചര്യ ആരുതന്നെ പറഞ്ഞാലും ഞാൻ കയ്യൊഴിക്കില്ല.

ഹജ്ജ്"തമത്തുഅ്"ആയി നിർവ്വഹിക്കുന്നതാണ് ഉത്തമം, തെളിവുകളുടെ പിൻബലത്തോടെ ഇബ്നു അബ്ബാസ്(റ) വിശദീകരിക്കുകയായിരുന്നു. അപ്പോൾ

---

1 ഹജ്ജിൻെറ മാസങ്ങളിലൊന്നിൽ ഒരു യാത്രയിൽ ആദ്യം മീഖാത്തിൽ ( ഇഹ്റാം ചെയ്യാൻ നിശ്ചയിക്കപ്പെട്ട സ്ഥലം) നിന്ന് ഇഹ്റാം ചെയ്യുക, ഉംറയുടെ കർമ്മങ്ങൾ പൂർത്തിയായ ശേഷം ഇഹ്റാമിൽ നിന്ന് ഒഴിവാകുക, പിന്നീട് ദുൽ ഹജ്ജ് എട്ടിന് അയാൾ താമസിക്കുന്നിടത്തു നിന്ന് ഇഹ്റാം ചെയ്തു ഹജ്ജു കർമ്മങ്ങളനുഷ്ടിക്കുക. ഇതിനു "തമത്തുഅ്" എന്നു പറയുന്നു.

"ഹജ്ജ് ഇഫ്റാദ്"2 ആയി നിർവ്വഹിക്കുന്നതാണ് ഉത്തമം എന്ന് അബൂബക്കർ(റ)വും ഉമർ(റ)വും പറഞ്ഞിട്ടുണ്ട്" ഒരാൾ എതിർവാദം ഉന്നയിച്ചു; അപ്പോൾ ഇബ്നുഅബ്ബാസ്(റ)പറഞ്ഞു : നിങ്ങളുടെ മേൽ ആകാശത്തുനിന്ന് കല്ല് വർഷിക്കാറായിരിക്കുന്നു. നബി(സ) പ്രസ്താവിച്ചു എന്നു ഞാൻ പറയുന്നു, നിങ്ങളാകട്ടെ അബൂബക്കറും ഉമറും പറഞ്ഞു എന്ന് വാദിക്കുന്നു!

അബൂബക്കർ(റ)ൻെറയും ഉമർ(റ)ൻെറയും വീക്ഷണങ്ങൾ സ്വീകരിച്ചു കൊണ്ട് നബിചര്യ ഉപേക്ഷിക്കുന്നവൻ പോലും ശിക്ഷാർഹനാവുന്നു. എങ്കിൽ അവരെക്കാൾ താഴ്ന്ന പദവിയിലുള്ളവരുടെ വാക്കുകൾ സ്വീകരിക്കുവാനായി നബിചര്യ ഉപേക്ഷിക്കു ന്നവരുടെ സ്ഥിതി എന്ത്? സ്വന്തം അഭിപ്രായത്തിനും ചിന്താഗതിക്കും മുൻഗണന നല്കി നബിചര്യ ഉപേക്ഷിച്ചവൻെറ അവസ്ഥ എന്ത്?

ചില കാര്യങ്ങളിൽ നബിചര്യക്കനുസൃതമായി അബ്ദുല്ലാഹിബ്നു ഉമർ(റ) വിധിപറഞ്ഞു. (തൻെറ പിതാവിൻെറ വീക്ഷണങ്ങളോട് വിയോജിക്കുന്നവയായിരുന്നു അദ്ദേഹത്തിൻെറ വിധി) അതിനെ സംബന്ധിച്ച് തർക്കിച്ചവരോട് അദ്ദേഹം

---

2 ഒരുയാത്രയിൽ മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്തു ഹജ്ജു കർമ്മങ്ങൾ മാത്രമനുഷ്ടിക്കുന്നതിന് "ഇഫ്റാദ്" എന്ന് പറയുന്നു. ഉംറയുടെയും ഹജ്ജിൻെറയും കർമ്മങ്ങൾ അതേ ഇഹ്റാമിൽ തന്നെ അനുഷ്ടിക്കുന്നതിന് "ഖിറാൻ" എന്നാണ് പറയുക.

ചോദിച്ചു : ഉമറിനെ പിന്തുടരാൻ നാം കല്പിക്കപ്പെട്ടിട്ടുണ്ടോ ?

ഇംറാനുബിനുഹുസൈൻ(റ) നബിചര്യ വിശദീകരിച്ചു കൊണ്ടിരുന്നപ്പോൾ ഒരാൾ പറഞ്ഞു: നിങ്ങൾ ഖുർആൻ വിശദീകരിക്കുക, ഇതുകേട്ടു കോപാകുലനായ ഇംറാൻ(റ) പറഞ്ഞു: ഖുർആനിൻെറ വിശദീകരണമാണ് നബിചര്യ. അതില്ലായിരുന്നെങ്കിൽ ളുഹർ നമസ്ക്കാരം നാലു റകഅത്താണെന്നോ, മഗ്രിബ് മൂന്നു റകഅത്താണെന്നോ, ഫജ്ർ രണ്ടു റകഅത്താണെന്നോ നമുക്ക് അറിയു മായിരുന്നില്ല. സകാത്തിൻെറ വിശദാംശങ്ങളോ, മററനേകം പ്രശ്നങ്ങളുടെ വിധികളോ നമുക്കു ലഭിക്കുമായിരുന്നില്ല.

സ്വഹാബികൾ നബിചര്യക്ക് വളരെ പ്രാധാന്യം കല്പിച്ചിരുന്നു, അതിനെ അനുഗമിക്കൽ നിർബ്ബന്ധവും കയ്യൊഴിക്കൽ ഗുരുതരമായ കുററവുമാണെന്നു അവർ മനസ്സിലാക്കിയിരുന്നു. ഇതിന് ഉപോദ്ബലകമായ അനേകം സംഭവങ്ങൾ അവരുടെ ജീവിതത്തിൽ കാണാം.

" لاَ تَمْنَعُوا إِمَاءَ اللهِ مَسَاجِدَ اللهِ "

"അല്ലാഹുവിൻെറ ദാസികൾക്ക് (സ്ത്രീകൾക്ക്) അല്ലാഹുവിൻെറ പള്ളികൾ വിലക്കരുത്" എന്ന നബിവചനം അബ്ദുല്ലാഹിബിനുഉമർ(റ) ഒരിക്കൽ വിശദീകരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിൻെറ മകൻ പറഞ്ഞു: "തീർച്ചയായും അവരെ ഞങ്ങൾ തടയും," ഇതുകേട്ട അബ്ദുല്ലാഹിബിനുഉമർ(റ) മകനെ അതികഠിനമായി ശകാരിച്ചു . അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിൻെറ ദൂതൻ പറഞ്ഞുവെന്നു പറയുക, അപ്പോൾ " ഞങ്ങൾ തടയും" എന്ന് നീ പറയുകയോ?

അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ(റ) എന്ന സഹാബി വര്യൻ തൻെറ ഒരുബന്ധു ചിരൽ കല്ലുകൾ എറിയുന്നത് കണ്ടു, അപ്പോൾ അത് തടഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു: നബി(സ) ചിരൽ കല്ലുകൾ കൊണ്ട് എറിയുന്നത് വിരോധിച്ചിരിക്കുന്നു. അവിടുന്നു പറഞ്ഞു: "വേട്ടയാടാൻ അത് ഉപകരിക്കില്ല, ശത്രുവിനെ നേരിടാനും അത് പ്രയോജനപ്രദമല്ല. അതുമൂലം പല്ല് പൊട്ടിപ്പോവുകയും കണ്ണ് നഷ്ടപ്പെടുകയും ചെയ്യും". അതേ വ്യക്തിതന്നെ മറ്റൊരിക്കൽ ചിരൽകല്ല് എടുത്ത് എറിയുന്നത് അബ്ദുല്ലാഹ് ബിനു മുഗഫ്ഫൽ(റ)വിൻെറ ദൃഷ്ടിയിൽ പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ് സത്യം, നിന്നോട് ഞാൻ സംസാരിക്കില്ല, അല്ലാഹുവിൻെറ ദൂതൻ ചിരൽ കല്ലുകൾ എറിയുന്നത് വിരോധിച്ചു എന്ന് ഞാൻ നിന്നോട് പറഞ്ഞു. നീ വീണ്ടും അതാവർത്തിക്കുന്നു.

പ്രഗത്ഭ താബിഈ പണ്ഡിതനായിരുന്ന അയ്യൂബ് സഖ്തിയാനിയിൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു: നീ നബിചര്യ ഒരാൾക്കു വിശദീകരിച്ചു കൊടുക്കുന്നു, അന്നേരം ഇത് ഞങ്ങൾക്കാവശ്യമില്ല, ഖുർആനിൽ നിന്നു പറഞ്ഞു തരൂ, എന്ന് അയാൾ പറയുന്നുവെങ്കിൽ അവൻ ദുർമാർഗ്ഗിയാണെന്നു മനസ്സിലാക്കുക.

ഔസാഈ(റ) പറയുന്നു: നബിചര്യ ഖുർആനിൻെറ വിശദീകരണമാണ്, ഖുർആനിൽ നിരുപാധികമായിപ്പറഞ്ഞ കാര്യങ്ങളുടെ ഉപാധി അത് നിർണ്ണയിക്കുന്നു, ഖുർആനിൽ പരാമർശിക്കാത്ത വിഷയങ്ങളിൽ അത് വിധി നല്കുന്നു.

അല്ലാഹു പറയുന്നു :

وَأَنزَلْنَا إِلَيْكَ
الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ

**"നിനക്കു നാം ഉത്ബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിശദീകരിച്ചു കൊടുക്കാനും അവർ ചിന്തിക്കുവാനുമാണത് ". (വി.ഖു:16:44)**

" أَلاَ إِنِّي أُوتِيتُ الْكِتَابَ وَمِثْلَهُ مَعَهُ "

**"ഖുർആനും അതിനോടു തുല്യമായതും എനിക്കു നല്കപ്പെട്ടിട്ടുണ്ട്"** എന്ന നബിവചനം നാം മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്.
ആമിർ ബിൻ ശഅബി(റ) ചിലരോട് പറഞ്ഞു:
പ്രവാചകൻെറ വചനങ്ങൾ കയ്യൊഴിച്ചപ്പോൾ നിങ്ങൾ നശിച്ചു, നിശ്ചയം" (ബൈഹഖി) .

ഔസാഈ (റ) തൻെറ ശിഷ്യനോട് പറഞ്ഞു :
നബി(സ)യുടെ ഒരു ഹദീസ് ലഭിച്ചാൽ അതനുസരിച്ചല്ലാതെ നീ തീരുമാനങ്ങൾ പറയരുത്, നബി(സ) അല്ലാഹുവിങ്കൽ നിന്നുള്ള സന്ദേശ വാഹകനായിരുന്നു. (ബൈഹഖി) .
പ്രസിദ്ധ പണ്ഡിതനായിരുന്ന ഇമാം സുഫ്യാനു സൗരി(റ)പറയുന്നു: "ഹദീസുകളിലുള്ള പാണ്ഡിത്യം മാത്രമാണ് യഥാർത്ഥ ജ്ഞാനം" (ബൈഹഖി) .
നബി(സ)യുടെ ഖബറിനു നേരെ വിരൽ ചൂണ്ടിക്കൊണ്ടു ഇമാം മാലിക് (റ) പറഞ്ഞു : "വിമർശിക്കുകയും വിമർശിക്കപ്പെടുകയും ചെയ്യാത്തവനായി നമ്മിൽ ഒരാളും തന്നെ ഇല്ല. ഈ ഖബർ വാസി യൊഴികെ".

ഇമാം അബൂഹനീഫ(റ) പറഞ്ഞു: "നബി(സ)യുടെ ഹദീസ് വന്നാൽ ശിരസ്സിനും നയനത്തിനും മുകളിൽ അതാവട്ടെ ".

ഇമാം ശാഫി(റ) പറഞ്ഞു : " നബി(സ)യിൽ നിന്നുള്ള പ്രബലമായ ഒരു ഹദീസ് ലഭ്യമായ ശേഷം ഞാൻ അതു സ്വീകരിച്ചില്ലെങ്കിൽ ഞാൻ ബുദ്ധിഹീനനാണ്, എന്നു ഞാനിതാ സാക്ഷ്യം വഹിക്കുന്നു " .
അദ്ദേഹം പിന്നെയും പറയുന്നു : "ഞാൻ പറഞ്ഞതിനു വിരുദ്ധമായി നബി(സ)യുടെ വചനം ലഭ്യമായാൽ എൻെറ വാക്കിനെ മതിലിനപ്പുറത്തേക്ക് എറിയുക" .

ഇമാം അഹ്മദുബിൻഹമ്പൽ തൻെറ ഒരു സുഹൃത്തിനോടു പറഞ്ഞു :"നീ എന്നെ അനുകരിക്കരുത്, ഇമാം മാലിക്കിനെയോ, ശാഫിയെയോ തഖ്ലീദ് ചെയ്യരുത്. ഞങ്ങൾ സ്വീകരിച്ചിടത്തുനിന്നു നീയും എടുത്തു കൊൾക".
അദ്ദേഹം പിന്നെയും പറഞ്ഞു : നബി(സ)യിൽ നിന്നുള്ള ഹദീസിൻെറ പരമ്പരയും അതിൻെറ പ്രാബല്യവും ഗ്രഹിച്ച ശേഷം സുഫ്യാൻെറ അഭിപ്രായം തേടിപ്പോകുന്നവരുടെ കാര്യം അതിശയകരം തന്നെ. അല്ലാഹു പറയുന്നു :

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ
أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

**"അദ്ദേഹത്തിൻെറ (നബിയുടെ) ആജ്ഞക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല**

**ആപത്തും വന്നു ഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ " ( വി.ഖു : 24 :63 ).**
അദ്ദേഹം പറഞ്ഞു : ആപത്ത് എന്നതിൻെറ വിവക്ഷ എന്തെന്ന് നിനക്കറിയാമോ? ശിർക്കുതന്നെ. നബി(സ)യുടെ വചനം തിരസ്ക്കരിക്കുന്നവൻെറ മനസ്സിൽ ദുർമ്മാർഗ്ഗം പ്രവേശിക്കുന്നു, തൻമൂലം അവൻ നശിക്കുകയും ചെയ്യും.

പ്രമുഖ താബിഈ പണ്ഡിതനായിരുന്ന മുജാഹിദു ബിൻ ജബ്ർ(റ)ൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു:
**"നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായഭിന്നരായാൽ നിങ്ങളത് അല്ലാഹുവിലേക്കും അവൻെറ ദൂതനിലേക്കും മടക്കുക" ( വി.ഖു: 4: 59)** അല്ലാഹുവിങ്കലേക്കു മടക്കുക അഥവാ അവൻെറ ഗ്രന്ഥത്തിലേക്ക് മടക്കുക, ദൂതനിലേക്കു മടക്കുക അഥവാ നബിചര്യയിലേക്കു തിരിക്കുക എന്നു സാരം".
സുഹരി(റ) പറഞ്ഞു: നബിചര്യയെ അനുഗമിക്കുന്നതിലാണ് രക്ഷയെന്ന് മുൻഗാമികളായ നമ്മുടെ പണ്ഡിതർ പറഞ്ഞിരുന്നു "(ബൈഹഖി).
മുവഫ്ഫഖുദ്ദീൻ ബിൻ ഖുദാമ(റ) പറഞ്ഞു : "അല്ലാഹുവിൻെറ ദൂതൻെറ ചര്യയാണ് ഇസ്ലാമിലെ രണ്ടാമത്തെ അടിസ്ഥാന പ്രമാണം, അമാനുഷിക ദൃഷ്ടാന്തങ്ങളിലൂടെ നബി(സ)യുടെ സത്യസന്ധത തെളിയിക്കപ്പെട്ടിട്ടുണ്ട്, അതിനാൽ അദ്ദേഹത്തിൻെറ പ്രസ്താവനകൾ പ്രമാണങ്ങളാണ്, അദ്ദേഹത്തെ

അനുസരിക്കാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. പ്രവാചകനെ ധിക്കരിക്കുന്നവരെ അവൻ താക്കീതും ചെയ്തു .

فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

**"അദ്ദേഹത്തിൻെറ (നബിയുടെ) ആജ്ഞക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുന്നയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ " ( വി.ഖു : 24 :63 ).** എന്ന വചനത്തെ പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഇബ്നു കഥീർ വിശദീകരിക്കുന്നു : അല്ലാഹുവിൻെറ ദൂതൻെറ ആജ്ഞ, അതാണ് അല്ലാഹുവിൻെറ മാർഗ്ഗം, അവൻെറ പാന്ഥാവും ശരീഅത്തും അതു തന്നെയാണ്. നബി(സ)യുടെ വാക്കുകളോടും കർമ്മങ്ങളോടും താരതമ്യപ്പെടുത്തിയാണ് മററുള്ളവരുടെ കർമ്മങ്ങളുടെയും പ്രസ്താവനകളുടെയും മൂല്യങ്ങൾ നിർണ്ണയിക്കപ്പെടുന്നത്. പ്രവാചകചര്യയോട് യോജിച്ചത് സ്വീകരിക്കപ്പെടും, വിയോജിച്ചത് തിരസ്കരിക്കപ്പെടുകയും ചെയ്യും. അതാരു തന്നെ പറഞ്ഞാലും പ്രവർത്തിച്ചാലും ശരി. നബി(സ)പറഞ്ഞതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു:

" مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ "

"നമ്മുടെ ആജ്ഞയില്ലാതെ പ്രവർത്തിച്ചവൻെറ കർമ്മം തള്ളപ്പെടുന്നതാണ്" അതിനാൽ പ്രത്യക്ഷമായോ പരോക്ഷമായോ നബി(സ)യുടെ ശരീഅത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവൻ നാശത്തെ ഭയപ്പെടട്ടെ.

أَن تُصِيبَهُمْ فِتْنَةٌ

**( തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുകയോ)** അഥവാ അവൻെറ മനസ്സിനെ സത്യനിഷേധവും കാപട്യവും അനാചാരവും ബാധിച്ചെന്നുവരും.

أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ

**(വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത്)**

ഐഹികജീവിതത്തിൽ തന്നെ വധം, മർദ്ദനം, കാരാഗൃഹവാസം തുടങ്ങിയ ആപത്തുകൾ വന്നുഭവിക്കുവാനും സാധ്യതയുണ്ട്.
നബി(സ) പറയുന്നു :

مَثَلِي وَمَثَلُكُمْ كَمَثَلِ رَجُلٍ اسْتَوْقَدَ نَارًا فَلَمَّا أَضَاءَتْ مَا حَوْلَهَا جَعَلَ الْفَرَاشُ وَهَذِهِ الدَّوَابُّ اللَّائِي يَقَعْنَ فِي النَّارِ يَقَعْنَ فِيهَا وَجَعَلَ يَحْجُزُهُنَّ وَيَغْلِبْنَهُ فَيَقْتَحِمْنَ فِيهَا قَالَ فَذَلِكَ مَثَلِي وَمَثَلُكُمْ أَنَا آخِذٌ بِحُجَزِكُمْ عَنِ النَّارِ هَلُمَّ عَنِ النَّارِ فَتَغْلِبُونِي وَتَقْتَحِمُونَ فِيهَا "

" എൻെറയും നിങ്ങളുടെയും ഉപമ തീ കത്തിച്ച

ഒരാളെപ്പോലെയാണ്, പരിസരമാകെ പ്രകാശിതമായപ്പോൾ പാററകളും പ്രാണികളും അതിൽ വന്നു വീഴാൻ തുടങ്ങി. അയാൾ അവയെ അഗ്നിയിൽ നിന്ന് തടയാൻ ശ്രമിച്ചു. പക്ഷെ അയാളെ മറികടന്നുകൊണ്ട് അവ അതിൽ പതിച്ചുകൊണ്ടിരുന്നു. അതുപോലെയാണ് എൻെറയും നിങ്ങളുടെയും ഉപമ, ഞാൻ നിങ്ങളെ അഗ്നിയിൽ നിന്ന് പിടിച്ചു മാററാൻ ശ്രമിക്കുന്നു, നരകത്തിൽ നിന്ന് അകലാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. നിങ്ങളാകട്ടെ എന്നെ മറികടന്നുകൊണ്ട് അതിലേക്ക് എടുത്തു ചാടുന്നു" ( ബുഖാരി, മുസ്ലിം, അഹ്മദ് ) .

ഇമാം സുയൂത്വി(റ) പറയുന്നു :
അറിയുക, അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ, ഹദീസിൻെറ നിദാന ശാസ്ത്രത്തിൽ വിശദമാക്കിയിട്ടുള്ള നിബന്ധനകളനുസരിച്ചു ലഭ്യമായ നബിചര്യ, അത് നബിയുടെ വചനമോ, കർമ്മമോ ആയിരിക്കട്ടെ. അതിനെ നിഷേധിക്കുന്നവൻ സത്യനിഷേധിയും ഇസ്ലാമിക വൃത്തത്തിൽ നിന്നു ഭ്രഷ്ടനുമാണ്. അന്ത്യനാളിൽ ജൂത-ക്രൈസ്തവരുടെയോ, അല്ലാഹു ഉദ്ദേശിക്കുന്ന ഇതര സത്യനിഷേധികളുടെയോ കൂടെ അവൻ ഹാജരാക്കപ്പെടുന്നതാണ്. (മിഫ്താഹുൽ ജന്നഃ).

സഹാബികൾ, താബിഉകൾ, അവരുടെ പിൻഗാമികൾ എന്നിവരിൽ നിന്ന് ഉദ്ധരിക്കപ്പെട്ട വചനങ്ങൾ ഇനിയും ധാരാളമുണ്ട്. അവയെല്ലാം നബിചര്യയുടെ പ്രാധാന്യവും അവർ അതിനു

നല്കിയിരുന്ന സ്ഥാനത്തെയും വിളിച്ചോതുന്നു. നബിചര്യയെ പിന്തുടരൽ നിർബ്ബന്ധമാണെന്നും അതിനെ കയ്യൊഴിക്കൽ ആപത്ക്കരമാണെന്നും അവ തെളിയിക്കുന്നു. അവയെല്ലാം ഇവിടെ ഉദ്ധരിക്കുന്നില്ല. നാം ഇവിടെ ചൂണ്ടിക്കാണിച്ച ഖുർആനിക സൂക്തങ്ങളും നബിവചനങ്ങളും പ്രാമാണികരായ പൂർവ്വീകരുടെ പ്രസ്താവനകളും തന്നെ ഒരു സത്യാന്വേഷിയെ സംതൃപ്തമാക്കാൻ പര്യാപ്തമാണെന്നു പ്രതീക്ഷിക്കുന്നു.

നമ്മെയും മററു മുസ്ലിംകളെയും അല്ലാഹു സദ്പാന്ഥാവിലേക്ക് നയിക്കുകയും അവൻെറ പ്രീതി കരസ്ഥമാക്കുവാനും, അവൻെറ കോപത്തിൽ നിന്ന് രക്ഷപ്രാപിക്കാനും തുണക്കുകയും ചെയ്യട്ടെ. അവൻ എല്ലാം കേൾക്കുന്നവനും സമീപസ്ഥനുമത്രെ.

മുഹമ്മദ്(സ)യെയും ബന്ധുമിത്രാദികളെയും അല്ലാഹു അനുഗ്രഹിക്കട്ടെ.

---

# وجوب العمل بسنة الرسول ﷺ وكفر من أنكرها


تأليف سماحة الشيخ

عبدالعزيز بن عبدالله بن باز

ترجمهُ للمليبارية

إبراهيم محمد علي



حقوق الطبع ميسرة لكل مسلم يريد توزيعه لوجه الله

أما من أراد بيعه فعليه الاتصال بالمكتب

هاتف ٤٣٣٠٨٨٨ (أربعة خطوط)



هذه الطبعة

تمت بإشراف المكاتب التعاونية للدعوة والإرشاد

بالبديعة والصناعية الجديدة

# وجوب العمل بسنة الرسول ﷺ وكفر من أنكرها

تأليف سماحة الشيخ

عبدالعزيز بن عبدالله بن باز

ترجمهُ للمليبارية

إبراهيم محمد علي

سنة الطبع ١٤١٩هـ

طبع على نفقة أحد المحسنين
غفر الله له ولوالديه ولجميع المسلمين

المكاتب التعاونية للدعوة والإرشاد بالبديعة والصناعية الجديدة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
ص.ب: ٢٤٩٣٢ الرياض ١١٤٥٦ - البديعة: تلفون ٤٣٣٠٨٨٨ (اربعة خطوط)
الصناعية: تلفون ٤٣٠٣٥٧٢ - فاكس ٤٣٠١١٢٢ المملكة العربية السعودية